**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1429** **30-08-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ അതിഥി തൊഴിലാളികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തതിനേക്കാൾ അധികം അതിഥി തൊഴിലാളികൾ ജോലി ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികളെ നിയമിക്കാൻ ഉദ്ദേശിക്കുന്ന സ്ഥാപനം രജിസ്ട്രേഷൻ ചെയ്യേണ്ടതുണ്ട്. ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികളെ റിക്രൂട്ട് ചെയ്യാനോ നിയമിക്കാനോ ഉദ്ദേശിക്കുന്ന ഓരോ കരാറുകാരനും ജില്ലാ തലത്തിൽ അതാത് ജില്ലാ ലേബർ ഓഫീസർമാരിൽ നിന്നും സംസ്ഥാനതലത്തിൽ ജില്ലാ ലേബർ ഓഫീസറിൽ (ആസ്ഥാനം) നിന്ന് ലൈസൻസ് നേടേണ്ടതുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ടുള്ള 'ആവാസ്' എന്ന ഇൻഷ്വറൻസ് പദ്ധതിപ്രകാരം 2017 നവംബർ മുതൽ നാളിതുവരെ 5,16,320 കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ കൃത്യമായി നടത്തണമെന്ന നിർദ്ദേശം പാലിക്കപ്പെടുന്നുണ്ടോ എന്നു പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികളെ നിയമിക്കാൻ ഉദ്ദേശിക്കുന്ന സ്ഥാപനം രജിസ്ട്രേഷൻ ചെയ്യേണ്ടതുണ്ട്. ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികളെ റിക്രൂട്ട് ചെയ്യാനോ നിയമിക്കാനോ ഉദ്ദേശിക്കുന്ന ഓരോ കരാറുകാരനും ജില്ലാ തലത്തിൽ അതാത് ജില്ലാ ലേബർ ഓഫസർമാരിൽ നിന്നും സംസ്ഥാനതലത്തിൽ ജില്ലാ ലേബർ ഓഫീസറിൽ (ആസ്ഥാനം) നിന്ന് ലൈസൻസ് നേടേണ്ടതുണ്ട്. തൊഴിൽ വകുപ്പിന് കീഴിലെ എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധന നടത്തുമ്പോൾ ഈ വിഷയം പരിഗണിക്കുന്നുണ്ട്. |
| (സി) | വ്യവസ്ഥകൾ പാലിക്കാത്ത കരാറുകാർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്തെ എൻഫോഴ്സ്മെന്റ് വിഭാഗം ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന |

| | | | |
|---|---|---|---|
| | | | എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. |
| (ഡി) | അതിഥിത്തൊഴിലാളികളുടെ വിവരങ്ങൾ ശേഖരിക്കണമെന്ന ആവശ്യം നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) | അതിഥി തൊഴിലാളികളുടെ വിവരശേഖരണം ലക്ഷ്യമിട്ടാണ് സർക്കാർ 'ആവാസ്' പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുള്ളത്. കൂടാതെ 'അതിഥി പോർട്ടൽ' വഴിയും കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമബോർഡ് വികസിപ്പിച്ചിട്ടുള്ള 'ഗസ്റ്റ് ആപ്പ്' വഴിയും രജിസ്ട്രേഷൻ നടത്താൻ നിലവിൽ സംവിധാനം ഉള്ള സാഹചര്യത്തിൽ ഇതരസംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണത്തിനായി പുതിയതായി നടപടികൾ ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ